# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ബി.പി.എൽ. സെൻസസ്സ്-ബി.പി.എൽ. പട്ടിക പരിഷ്കരിച്ച് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(കൈ)നം.327/2008/തസ്വഭവ** **തിരുവനന്തപുരം, തീയതി, 10/12/08**

---

പരാമർശം:-1. 2-2-07-ലെ (കൈ) നമ്പർ.37/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 29-9-07-ലെ (കൈ) നമ്പർ.224/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
3. 29-12-07-ലെ (കൈ) നമ്പർ.294/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
4. 27-3-08-ലെ (കൈ) നമ്പർ.97/08/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

കേരളത്തിൽ ബി.പി.എൽ. സെൻസസ്സ് 2003-ൽ ഗ്രാമവികസന വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗിച്ച് നടത്തുകയുണ്ടായി. ഉദ്യോഗസ്ഥൻമാർ ഫീൽഡ് തല എന്യൂമറേഷനിലൂടെ ശേഖരിച്ച വിവരങ്ങൾ 2007 വർഷത്തിന്റെ ആദ്യത്തിൽ വിട്ട് പോയിട്ടുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി മേൽ പരാമർശം (1) സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം സാധുതാ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.

2. ഈ വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുകയുണ്ടായി. ഇതിന് ശേഷം ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സൂചകങ്ങളും അവയ്ക്കുള്ള മാർക്കും പരാമർശം (2) വഴി നിശ്ചയിക്കുകയുണ്ടായി. പരാമർശം (3) വഴി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ കുടുംബത്തിനും ലഭിയ്ക്കുന്ന മാർക്കടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖാ ലിസ്റ്റ് രണ്ട് പട്ടികകളായി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

3. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഗ്രാമസഭയിൽ വച്ച് ചർച്ച ചെയ്ത് ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ പ്രക്രിയ വഴി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് യാഥാർത്ഥ്യത്തിന് നിരക്കാത്തതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയുണ്ടായി.

4. 2003-ലെ ദാരിദ്ര്യ രേഖാ സെൻസസ്സ് പ്രകാരം ശേഖരിച്ച വിവരങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം സാധൂകരിച്ച് തയ്യാറാക്കിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൻമേൽ പരാമർശം (2) ഉത്തരവ് പ്രകാരം നിശ്ചയിച്ച സൂചകങ്ങളുടേയും അവയുടെ വെയിറ്റേജ് മാർക്കിന്റെയും അടിസ്ഥാനത്തിലും പരാമർശം (3) ഉത്തരവ് പ്രകാരം നിശ്ചയിച്ച വെയിറ്റേജ് മാർക്കിന്റെ പരിധിയുടേയും അടിസ്ഥാനത്തിലും ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിരുന്നു. പ്രസ്തുത മുൻഗണനാ പട്ടിക താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിന് ഉത്തരവാകുന്നു.

(i) എല്ലാ അർഹരായ കുടുംബങ്ങൾക്കും ലിസ്റ്റിൽ ഉൾപ്പെടുന്നതിന് അവസരം നൽകേണ്ടതാണ്.

(ii) എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും പരാമർശം (4) പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം അനർഹരാകുന്ന കുടുംബങ്ങൾ ഒഴികെയുള്ള) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണം.

(iii) 15-11-08-ൽ നിലവിലുള്ള എല്ലാ ആശ്രയ കുടുംബങ്ങളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണം.

(iv) ഉത്തരവ് തീയതി മുതൽ 3 മാസത്തിനകം പരാമർശം (4) സർക്കാർ ഉത്തരവിലെ ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ കൂടി അടിസ്ഥാനത്തിൽ ഒരു കർശനമായ സാധുതാ പരിശോധന നടത്തുകയും അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

5. ഇപ്രകാരം തയ്യാറാക്കുന്ന പട്ടിക ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എസ്.എം.വിജയാനന്ദ്,**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും/സെക്രട്ടറിമാർക്കും.
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
3. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. എല്ലാ ജില്ലാകളക്ടർമാർക്കും.
8. എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും.
9. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. എല്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും. (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, മുഖേന)
11. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
12. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
13. ഡയറക്ടർ, സി- ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ് , തിരുവല്ലം, തിരുവനന്തപുരം.
14. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
15. പൊതുഭരണ (എസ്.സി.) വകുപ്പിന്.
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(നഗരവികസനം) യുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ